## പരിശീലനം പൂർത്തിയാക്കിയവർ 28,000ത്തിലധികം

# തെങ്ങിൻെറ ചങ്ങാതിക്കൂട്ടം മൂന്നാംഘട്ടം പിന്നിടുന്നു

കൊച്ചി: തെങ്ങുകയറ്റ തൊഴിലിനെ യന്ത്രവത്കരിച്ച് ഗ്രീൻകോളർ ചങ്ങാതിമാരാക്കിയ നാളികേര വികസന ബോർഡിൻെറ തെങ്ങിൻെറ ചങ്ങാതിക്കൂട്ടം പരിപാടി മൂന്നാംഘട്ടം പിന്നിടുന്നു. ഇന്ത്യയൊട്ടാകെ ഇതുവരെ പരിശീലനം പൂർത്തിയാക്കിയവർ 28,000 കവിഞ്ഞു. ഇതിൽ 20,000ത്തോളം പേരും കേരളത്തിൽ നിന്നുള്ളവരാണ്.

തെങ്ങിൻെറ ചങ്ങാതിമാരെ പരിശീലിപ്പിക്കുക എന്ന ആശയവുമായി 2011ലാണ് നാളികേര വികസന ബോർഡ് പരിശീലന പരിപാടി തുടങ്ങിയത്. കാർഷിക മേഖലയിലെ സന്നദ്ധസംഘടനകളുടെയും കൃഷിവിജ്ഞാന കേന്ദ്രങ്ങളുടെയും കൃഷി ഭവനുകളുടെയും സഹകരണവും ഇതിനുണ്ടായിരുന്നു. സംസ്ഥാനത്ത് 5000 തെങ്ങിൻെറ ചങ്ങാതിമാരെ പരിശീലിപ്പിക്കുകയായിരുന്നു ലക്ഷ്യം.

ന്യായമായ കൂലി ഈടാക്കി തെങ്ങ് വൃത്തിയാക്കൽ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, വിത്തുതേങ്ങ സംഭരണം, തെങ്ങിൻതൈ നഴ്സറി പരിപാലനം തുടങ്ങിയ സേവനങ്ങൾ ഇവരിൽനിന്ന് ലഭിക്കും. നീര ടെക്നീഷ്യന്മാരായുള്ള പരിശീലനത്തിനും ഇവരെ പരിഗണിച്ചിട്ടുണ്ട്.

തെങ്ങിൻെറ ചങ്ങാതിമാരുടെ സേവനത്തിനും കൂലിയടക്കമുള്ള വിവരങ്ങൾക്കും www.coconutboard.gov.in സന്ദർശിക്കാം.